## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.911 06.06.2018-ൽ മറുപടിയ്ക്ക്

### പട്ടികജാതി/പട്ടികവർഗ വകുപ്പ് വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന സാമ്പത്തിക സഹായം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.എ.എൻ.ഷംസീർ | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | പട്ടികജാതി/പട്ടികവർഗ വകുപ്പ് അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന സാമ്പത്തിക സഹായം സമയബന്ധിതമായി വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന് വേണ്ടി എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്തെ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ ഓൺലൈൻ ആയി വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്കും, ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവ സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്കും യഥാസമയം നൽകി വരുന്നുണ്ട്. അദ്ധ്യയനവർഷം ആരംഭിക്കുമ്പോൾ തന്നെ വിദ്യാർത്ഥികളുടെ ക്ലെയിം സ്ഥാപനത്തിൽ നിന്നും യഥാസമയം ഫോർവേർഡ് ചെയ്യുന്നതിനുള്ള നിർദ്ദേശം എല്ലാ സ്ഥാപനമേധാവികൾക്കും നൽകിയിട്ടുണ്ട്. അദ്ധ്യയനവർഷ ആരംഭത്തിൽ വകുപ്പിലെയും സ്ഥാപനങ്ങളിലെയും ഇ-ഗ്രാന്റ്സ് കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് സ്കോളർഷിപ്പ് സംബന്ധിച്ച് ഏകദിന ശില്പശാല ജില്ലാ അടിസ്ഥാനത്തിൽ നൽകി വരുന്നുണ്ട്.<br>പ്രീ-മെട്രിക് തലത്തിലെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് വിതരണത്തിനുള്ള തുകയും 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി പ്രകാരം നൽകുന്ന തുകയും വിതരണം ചെയ്യുന്നതിനായി അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. 9, 10 ക്ലാസ്സുകളിലെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള സെൻട്രൽ പ്രീ-മെട്രിക് സ്കോളർഷിപ്പ് 2018-19 ൽ പി.എഫ്.എം.എസ് വഴി നൽകുന്നതിന് നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്.<br>കേരളത്തിന് പുറത്ത് ഇതര സംസ്ഥാനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക്, വിദ്യാർത്ഥികളുടെ ജില്ലയിലെ ജില്ലാ പട്ടികജാതി വികസന ഓഫീസർ വഴി ആനുകൂല്യങ്ങൾ നൽകിവരുന്നു.<br>വിദേശത്ത് പഠിക്കുന്നതിന് കേരളീയരായ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവ് (അച്ചടി) 81/2017/പജപവവിവ തീയതി 04.10.2017 എന്ന ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകുന്നതിനുള്ള അപേക്ഷകൾ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിക്കുന്നുണ്ട്.<br>ഇ-ഗ്രാന്റ്സിൽ ഉൾപ്പെടാത്ത പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്/പ്രോജക്ട് ഓഫീസ് എന്നിവിടങ്ങളിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചു വരുന്നു.<br>നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി അല്ലാതെ സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചു വരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു. |

**സെക്ഷൻ ഓഫീസർ**